5/DGE/HSE/NSS/2021

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
13/01/2021

## സർക്കുലർ

സുചന:-81/DGE/HSE/NSS/2020 dtd 28/09/2020

**എൻ എസ് എസ് യൂണിറ്റ് പ്രവർത്തനങ്ങളുടെ വിലയിരുത്തലും ഓറിയന്റേഷനും..**

ഹയർ സെക്കണ്ടറി രണ്ടാം വർഷ വിദ്യാർത്ഥികളുടെ യൂണിറ്റ് പ്രവർത്തങ്ങൾ ഏതാണ്ട് പൂർത്തിയാവുകയാണല്ലോ. യൂണിറ്റ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ലോക്ഡൗൺ കാലഘട്ടത്തിൽ സംഘടിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളടക്കം യൂണിറ്റ്തല രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതാണ്. 2020-21 അദ്ധ്യയന വർഷത്തെ മോണിറ്ററിംഗ് ജനുവരി 26 ന് ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നതാണ്. കോവിഡ്-19 ന്റെ പശ്ചാതലത്തിൽ Intra District അടിസ്ഥാനത്തിൽ നടത്തുന്ന മോണിറ്റിംഗിൽ ഈ വർഷം യൂണിറ്റുകളിൽ നടപ്പിലാക്കിയ എല്ലാ പരിപാടികളുടെയും റിപ്പോർട്ടും രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്. മോണിറ്ററിംഗ് കേന്ദ്രം ജില്ലാ കൺവീനർമാർ അറിയിക്കുന്നതാണ്.

ഒന്നാം വർഷ വിദ്യാർത്ഥികൾക്കുള്ള സ്പെസിഫിക് ഓറിയന്റേഷൻ പ്രവർത്തനങ്ങൾ ജനുവരി 16 മുതൽ 23 വരെ അതാത് പി.എ.സി അംഗങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്. സ്പെസിഫിക് ഓറിയന്റേഷൻ പ്രവർത്തനങ്ങൾ പരിപൂർണ്ണമായും കോവിഡ്-19 മാനദണ്ഡങ്ങൾ അനുസരിച്ച് ആകേണ്ടതാണ്. എല്ലാ ഒന്നാം വർഷ വോളന്റിയർമാർക്കും കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ച് ഇരിക്കാൻ ആവശ്യമായ ഹാളുകൾ ഇല്ലാത്ത സ്കൂളുകൾ ജില്ലാകൺവീനർമാരുമായി അടിയന്തിരമായി ബന്ധപ്പെട്ട് ബദൽ ക്രമീകരണം ചെയ്യേണ്ടതാണ്.

പുതിയതായി അനുവദിക്കപ്പെട്ട യൂണിറ്റുകളിൽ എൻറോൾമെന്റ് പ്രവർത്തനങ്ങൾ സുചന സർക്കുലറിലെ നടപടിക്രമങ്ങൾ പാലിച്ച് ജനുവരി 20ന് മുൻപ് പൂർത്തികരിച്ച് എൻറോൾമെന്റ് പ്രഫോർമകളും അഡ്മിനിസ്ട്രേറ്റീവ് ഫണ്ടും

ജില്ലാകൺവീനർമാർക്ക് നൽകേണ്ടതാണ്. ടി വോളന്റിയർമാർക്കും സ്പെസിഫിക്ക് ഓറിയന്റേഷൻ നൽകേണ്ടതാണ്.

മേൽ പ്രസ്താവിച്ച തീയതികളിൽ തന്നെ ഓറിയന്റേഷൻ , മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് റിജിയണൽ/ജില്ലാകൺവീനർമാർ ഉറപ്പാക്കേണ്ടതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ